**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2185** **30-07-2021 - ൽ മറുപടിയ്ക്ക്**

**കാട്ടാനകളുടെ സഞ്ചാരത്തിന് ഇടനാഴികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ . ഷംസുദീൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാനകൾ നാട്ടിൽ ഇറങ്ങാനുള്ള കാരണങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (എ) | പഠനം നടത്തി വരുന്നുണ്ട്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് കാട്ടാനകളുടെ പരമ്പരാഗത സഞ്ചാര മാർഗ്ഗങ്ങൾക്ക് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ; | (ബി) | ഉണ്ടായിട്ടുണ്ട്. ഇതു ലഘൂകരിക്കുന്നതിനായി 2017 ൽ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇൻഡ്യയും വിവിധ എൻജിഓ കളും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവും (MoEF) ചേർന്ന് കേരളത്തിൽ 7 എലിഫൻറ് ഇടനാഴികൾ (Elephant Corridor) കണ്ടെത്തിയിട്ടുണ്ട്. ഈ ഇടനാഴികളുടെ വിവരം ചുവടെ ചേർക്കുന്നു. |
| (സി) | കാട്ടാനകൾക്ക് തടസ്സം കൂടാതെ സഞ്ചരിക്കാൻ കഴിയും വിധം ഇടനാഴികൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഉത്തരം ബി യിൽ നടപടികൾ വിശദമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | ഇടനാഴിയുടെ പേര് | ഇടനാഴി ഉൾപ്പെടുന്ന ജില്ലകൾ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കൊട്ടിയൂർ– പേര്യാ | കണ്ണൂർ – വയനാട് | കണ്ണൂർ ജില്ലയിലെ സ്ഥലമെടുപ്പ് പുരോഗമിക്കുന്നു. |
| 2 | ബേഗൂർ – ബ്രഹ്മഗിരി | വയനാട് | ഏറ്റെടുത്തു |
| 3 | നിലമ്പൂർ– അപ്പൻകാപ്പ് | മലപ്പുറം | ഏറ്റെടുത്തു |
| 4 | പേര്യാ (പക്രന്താളം) | വയനാട് | സ്ഥലം ഏറ്റെടുക്കണം |
| 5 | തിരുനെല്ലി– കുദ്രാകോട് | വയനാട് | ഏറ്റെടുത്തു |
| 6 | നിലമ്പൂർ കോവിലകം– ന്യൂ അമരമ്പലം | മലപ്പുറം | ഏറ്റെടുത്തു |
| 7 | മുതുമലയ്– നിലമ്പൂർ ഒ' വാലി വഴി | മലപ്പുറം | ഏറ്റെടുത്തു |